# നാടൻപ്രസവം അനുചിതമോ?

## കത്തുകൾ പ്രതികരണങ്ങൾ

കേരളീയം ലക്കം 51ൽ ഒരു സഹജപ്രസവത്തെക്കുറിച്ചുള്ള വാർത്തയും, ലക്കം 52ൽ മേൽപ്പറഞ്ഞ വാർത്ത അനുചിതമാണെന്ന കുറിപ്പും ലക്കം 53ൽ അതിനുള്ള പ്രതികരണക്കുറിപ്പും ശ്രദ്ധിച്ചു.

ഗർഭകാലത്തെയും പ്രസവസമയത്തെയും ഉത്തരവാദിത്തം ഞങ്ങൾക്കുണ്ടായിരുന്നതുകൊണ്ട് രഞ്ജിമ ഞങ്ങളുടെ നിരീക്ഷണത്തിലായിരുന്നു. പ്രസവസമയത്ത് നാട്ടുവർത്തമാനവും തമാശയും പറഞ്ഞ് ഒരു നാടൻ പ്രസവത്തിന്റെ വേദനാത്മകമായ ഒരു രംഗം പോലും സൃഷ്ടിക്കാതെ കുഞ്ഞിന് ജന്മം നൽകിയ രഞ്ജിമ പ്രസവാനുഭൂതിയെപ്പറ്റി പറയുന്നത് "ഞാൻ മോളെ പ്രസവിച്ചതല്ല, അവൾ സ്വയം ചവിട്ടിത്തള്ളിപ്പുറത്തുവന്നതാണ്" എന്നാണ്.

ജീവിതത്തെ ആഹ്ലാദകരവും ആരോഗ്യകരവും ആഘോഷപരവും ക്ലേശരഹിതവും ആക്കിമാറ്റണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന വളരെക്കുറച്ചുമാത്രമുള്ള ചെറുപ്പക്കാരിൽ നിന്നുള്ള പ്രതിനിധികളാണ് രഞ്ജിമയും സന്തോഷും. അവരാകട്ടെ, ലക്ഷ്യാനുസരണം സജ്ജരാകാൻ യഥാശക്തി ശ്രമിക്കുന്നുമുണ്ട്. അവർക്ക് ജീവിതത്തെക്കുറിച്ചും ഗർഭധാരണത്തെക്കുറിച്ചും പ്രത്യുൽപാദന അവയവങ്ങളുടെ പ്രവർത്തനരീതിയെക്കുറിച്ചുമുള്ള അറിവും, കൂട്ടായി പ്രസ്തുത മേഖലയിലെ വിദഗ്ധരും ഗവേഷകരും ഉണ്ടായിരുന്നിട്ടും, സ്വന്തം കുഞ്ഞിനെ നേടാനുള്ള സ്വാശ്രയത്വം സ്വായത്തമായതും അനുചിതമായിപ്പോയെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല.

പകരം ഉചിതം എന്ന പേരിന് വേണ്ടി, സ്കാനിംഗും, ടി.ടിയും കീറലും വെട്ടിമുറിക്കലും ഫോർസെപ്പ് കൊണ്ടുള്ള ശിശുഹത്യയും വരെ ചെയ്താൽ മാത്രമേ ജീവിതം "കടുത്തതല്ലാത്തതാകൂ" എന്നും ആസ്വാദ്യകരമാകൂ എന്നുമുള്ള ആധുനികമനുഷ്യന്റെ ഉൾക്കണ്ണു നിറഞ്ഞ സാങ്കേതികയുക്തി ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു.

പഴയ ശാസ്ത്രാന്ധവിശ്വാസങ്ങളേയും, ശാസ്ത്രീയമെന്ന ഓമനപ്പേരിൽ വിപണനം ചെയ്യപ്പെടുന്ന കച്ചവടാധിഷ്ഠിത പ്രചുരശാസ്ത്രങ്ങളേയും (commercialised popular sciences) ആധുനികം എന്ന് വിശ്വസിച്ച് വശാകുന്ന ആധുനികമനുഷ്യന്, കുത്തിവച്ചും, കത്തിവെച്ചും രക്തം ഊറ്റിക്കളഞ്ഞും 'ഒടിയൻസേവ' നടത്തണമെന്ന് ശഠിക്കുന്നതാണ് ഉചിതമെങ്കിൽ, മനുഷ്യന്റെ ജിജ്ഞാസയും ശാസ്ത്രവിജ്ഞാനീയത്തിന്റെ വളർച്ചയും അതോടെ വിരാമമാകുന്നുവെന്ന് വിശ്വസിക്കാൻ സത്യാന്വേഷികൾ നിർബന്ധിതരാകും. യാഥാസ്ഥിതികത്വം മാറാതെ ഇവിടെ പുരോഗതിയും നടക്കില്ലെന്ന് ആരോ പറഞ്ഞത് നാം ഓർക്കുന്നത് നന്നാവും.

കെ. ഹേമാ ഒളിമ്പസ്സും  
എസ്.പി. സന്തോഷ് ഒളിമ്പസ്സും  
തത്തമംഗലം, പാലക്കാട്